## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1320

30.01.2018 ൽ മറുപടിയ്ക്ക്

# പത്തനംതിട്ട ജില്ലയിൽ എൽ.പി.എസ്.എ (മലയാളം) നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആർ. രാമചന്ദ്രൻ :** | | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി** | |
| (എ) | പത്തനംതിട്ട ജില്ലയിൽ എൽ.പി.എസ്. എ (മലയാളം) തസ്തികയിലേക്ക് 2011-ൽ നിലവിൽ വന്ന പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചുവെന്നും എത്ര പേർ ജോലിയിൽ പ്രവേശിച്ചുവെന്നും വിശദമാക്കുമോ ; | (എ) | 143 എണ്ണം. |
| (ബി) | പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ ഫിക്സേഷനിലൂടെയും ബൈട്രാൻസ്ഫറിലൂടെയും നികത്തേണ്ട എത്ര ഒഴിവുകൾ റാങ്ക് ലിസ്റ്റ് കാലാവധി അവസാനിക്കുമ്പോൾ നിലവിലുണ്ടായിരുന്നുവെന്ന് വിശദമാക്കുമോ ; ഈ വേക്കൻസികളിലേക്ക് എത്ര ബൈട്രാൻസ്ഫർ അപേക്ഷകൾ നിലവിലുണ്ടായിരുന്നുവെന്നും എത്ര പേർക്ക് നിയമനം നൽകിയെന്നും വിശദമാക്കുമോ ; | (ബി) | 46 എണ്ണം. |
| (സി) | ബൈട്രാൻസ്ഫർ വഴി നിയമിക്കേണ്ട തസ്തികയിൽ നിയമനം നൽകുന്നതിന് മതിയായ അപേക്ഷകരില്ലെങ്കിൽ പ്രസ്തുത ഒഴിവിലേക്ക് നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നൽകണമെന്ന് സർക്കാർ ഉത്തരവ് നിലവിലിരിക്കുകയും മറ്റ് ജില്ലകളിൽ അത്തരത്തിലുള്ള ഒഴിവിലേക്ക് നിയമന ശിപാർശ ചെയ്യുകയും ചെയ്ത സാഹചര്യത്തിൽ പത്തനംതിട്ട ജില്ലയിലും പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ തിരുവനന്തപുരം ബെഞ്ചിൽ ഒ.എ. നം. 369/2016-ലെ 23-10-2017-ലെ ഉത്തരവ് പ്രകാരം 46 ഒഴിവുകൾ കാലാവധി കഴിഞ്ഞ റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കാനുത്തരവായിട്ടുള്ളതും, ആയതിന്റെ വെളിച്ചത്തിൽ 19-01-2018-ലെ സർക്കാർ കത്ത് നം. എൽ1/364/2017/പൊ.വി.വ പ്രകാരം നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ പത്തനംതിട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. (പകർപ്പ് ലഭ്യമാക്കുന്നു). |

| | | |
|---|---|---|
| (ഡി) | ഈ വിഷയത്തിൽ അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകുന്നതിന് കാലതാമസം വരുത്തിയ ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദമാക്കുമോ ? | (ഡി) ആവശ്യകതയില്ല. |

സെക്ഷൻ ഓഫീസർ.

**കേരള സർക്കാർ**

നം.എൽ1/364/2017/പൊ.വി.വ.

പൊതുവിദ്യാഭ്യാസ(എൽ) വകുപ്പ്
തിരുവനന്തപുരം, തീയതി:19.01.2018

**സെക്രട്ടറി**

**വിദ്യാഭ്യാസ ഉപ ഡയറക്ടർ,**
**പത്തനംതിട്ട, തിരുവല്ല.**

സർ,

*വിഷയം :- പൊതുവിദ്യാഭ്യാസം- ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീമതി. എസ്. ബിനുമോൾ ഫയൽ ചെയ്ത OA (EKM) 369/2016 നമ്പർ കേസിലെ വിധിന്യായം നടപ്പിലാക്കുന്നത് - സംബന്ധിച്ച്.*

*സൂചന :- 1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീമതി. എസ്. ബിനുമോൾ ഫയൽ ചെയ്ത OA (EKM) 369/2016 നമ്പർ കേസിലെ 23-10-2017-ലെ വിധിന്യായം.*

*2. താങ്കളുടെ 14-10-2017-ലെ എ 3/2150/2017 നമ്പർ കത്ത്.*

*3. 11-01-2018-ലെ ഇതേ നമ്പർ സർക്കാർ കത്ത്.*

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. അദ്ധ്യാപക മേഖലയിലെ തസ്തികകളുടെ എണ്ണം നിജപ്പെടുത്തുന്നത് ഓരോ വർഷവും നടത്തുന്ന തസ്തിക നിർണ്ണയ ഉത്തരവുകളിലൂടെയാണ്. കേഡർ സ്ട്രെങ്ത്തിന്റെ നിശ്ചിത ശതമാനത്തിൽ ഉറച്ചു നിൽക്കുന്നതു കാരണം പലപ്പോഴും സ്കൂളിൽ കുട്ടികളെ പഠിപ്പിക്കാൻ അദ്ധ്യാപകരില്ലാത്ത പരിതാപകരമായ അവസ്ഥ വന്നുചേരുന്നുണ്ട്. ഈ കാരണങ്ങളാലാണ് 25-06-2008-ലെ സ. ഉ. (കൈ) 95/2008/പൊ.വി.വ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചത്. ഇവ പരിഗണിച്ചു കൂടിയാണ് ബഹു. കോടതി പ്രൊവിഷണൽ ആയിട്ട് റിപ്പോർട്ട് ചെയ്ത 46 ഒഴിവുകളിൽ നിയമനം നടത്താൻ പത്തനംതിട്ട ജില്ലാ പി.എസ്.സി-ക്ക് നിർദ്ദേശം നൽകിയിരിക്കുന്നത്. എൽ.പി.എസ്.എ വിഭാഗത്തിൽ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ല. ഈ സാഹചര്യത്തിൽ പി.എസ്.സിക്കു പ്രൊവിഷണൽ ആയിട്ട് റിപ്പോർട്ട് ചെയ്തിട്ടുള്ള പത്തനംതിട്ട ജില്ലയിലെ 46 എൽ.പി.എസ്.എ (മലയാളം) ഒഴിവുകളിൽ നിയമനം നടത്തുന്നതിന് അഡ്വൈസ് ചെയ്യാൻ പി.എസ്.സി -യോട് ആവശ്യപ്പെടാനും തുടർന്ന് ആയതിൽ നിയമനം നടത്താനും താങ്കൾക്ക് നിർദ്ദേശം നൽകുന്നു.

വിശ്വസ്തതയോടെ,

**സി. അനിൽ കുമാർ ,**
**ഡെപ്യൂട്ടി സെക്രട്ടറി**
**സെക്രട്ടറിക്കു വേണ്ടി**

*അംഗീകാരത്തോടെ*

*സെക്ഷൻ ഓഫീസർ*

സെക്ഷൻ ഓഫീസർ